

# തുരുത്തിപറമ്പ് വരപ്രസാദനാഥ ഇടവക

അവിഭക്ത തൃശ്ശൂർ രൂപതയിലെ ചാലക്കുടി ഫൊറോന ഇടവകാതിർത്തിയിൽപ്പെട്ട തുരുത്തിപറമ്പ് ദേശക്കാർക്ക് ഇടവക ദേവാലയത്തിൽ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ ആറു കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതുണ്ടായിരുന്നു. വിശ്വാസ സാക്ഷ്യമെന്ന രീതിയിൽ 1955-നു ശേഷം കിഴക്കുഭാഗത്തും 1960-ൽ പടിഞ്ഞാറുഭാഗത്തും വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിൽ കപ്പേളകൾ സ്ഥാപിതമായി.

പിന്നീട്, 1962-ൽ പെ. ബഹു. ജോർജ്ജ് അക്കരയച്ചൻ ചാലക്കുടി ഫൊറോനപള്ളി വികാരിയും, ബഹു. ജോസ് വേഴപ്പറമ്പിലച്ചൻ (1961-62) സഹവികാരിയും കോട്ടാറ്റ് മഠം കപ്ലോനുമായിരിക്കുമ്പോൾ തുരുത്തിപറമ്പിൽ ദേവാലയം സ്ഥാപിക്കുന്നതിന് ഒരു നിർമ്മാണ കമ്മിറ്റി രൂപീകരിക്കുകയും ബഹു. ജോസഫ് വേഴപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു. 1962 ഏപ്രിൽ 23-ാം തിയ്യതി റവ. ഫാ. ആന്റണി തച്ചുപറമ്പിൽ (ദൈവദാസൻ), ശ്രീ. തച്ചുപറമ്പിൽ തോമൻ തോമസ് എന്നിവരുടെ കൈവശം ഉണ്ടായിരുന്ന ഒരു ഏക്കർ 50 സെന്റ് സ്ഥലം തുരുത്തിപറമ്പിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനായി ചാലക്കുടി ഫൊറോനാ പള്ളി വികാരിയായിരുന്ന പെ. ബഹു. ജോർജ്ജ് അക്കരയച്ചൻ തീറായി വാങ്ങിച്ചു. ഈ തീറ് റജി. നമ്പർ 746/62-ൽ 354/311-313 എന്ന നമ്പറിൽ 1962 മേയ് 2-ാം തിയ്യതി കല്ലേറ്റുംകര സബ്റജിസ്ട്രാർ ആഫീസിൽ നടത്തുകയുണ്ടായി.

## പ്രാരംഭം

1963 മേയ് 1-ാം തിയ്യതി തൃശ്ശൂർ രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് പിതാവ് ഇടവകദേവാലയത്തിന്റെയും സിമിത്തേരിയുടെയും ശിലാസ്ഥാപനം നടത്തി. തുടർന്ന്, പെ. ബഹു. ആന്റണി തെക്കിനിയത്തച്ചൻ വികാരിയും (1964-68) ബഹു. സെബാസ്റ്റ്യൻ കൊള്ളന്നൂരച്ചൻ സഹവികാരിയുമായിരിക്കുമ്പോൾ 1966-ൽ പള്ളിയുടെയും സിമിത്തേരിയുടെയും നിർമ്മാണം പൂർത്തിയായി.

## പള്ളി, ഇടവക

1966 മാർച്ച് 18-ാം തിയ്യതിയാണ് അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് ദേവാലയത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തിയത്. 1970 ഫെബ്രുവരി 14-ാം തിയ്യതി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു. പ്രഥമ വികാരിയായി റവ. ഫാ. ജോസഫ് മുണ്ടശ്ശേരി നിയമിതനായി. ആദ്യകാലങ്ങളിൽ ചാലക്കുടിയിൽ നിന്നും പിന്നീട് വെള്ളാഞ്ചിറയിൽ നിന്നുമാണ് ഇവിടെ തിരുക്കർമ്മങ്ങൾ നടത്തുന്നതിന് വൈദികർ വന്നിരുന്നത്

## എൽ. പി. സ്ക്കൂൾ & കോൺവെന്റ്

ഇടവക ദേവാലയം സ്ഥാപിതമാകുന്നതിനുമുമ്പേ 1953-ൽ ഈ ദേശത്ത് ഫ്രാൻസിസ്കൻ ക്ലാരസഭയുടെ മേൽനോട്ടത്തിൽ സെന്റ് പോൾ എൽ.പി. സ്ക്കൂളും അനന്തരം 1972-ൽ വരപ്രസാദനാഥ കോൺവെന്റും സ്ഥാപിതമായി. 1973-ൽ ഈ ഇടവകയുടെ വടക്കുഭാഗത്തായി ഒരു പുതിയ കപ്പേളയും നിലവിൽ വന്നു.

## വൈദികമന്ദിരം, സ്ഥിരതാമസമുള്ള വികാരി



വരപ്രസാദനാഥ എഫ്.സി.സി. മഠം



സെന്റ് പോൾസ് എൽ.പി. സ്ക്കൂൾ

ഇടവകയിൽ സ്ഥിരം വൈദികരെ ലഭിക്കാനായുള്ള പരിശ്രമത്തിൽ, ബഹു. ഫ്രാൻസിസ് കൊടിയനച്ചന്റെ കാലത്ത് 1994 മേയ് 8-ന് വൈദികമന്ദിരത്തിനുള്ള ശിലാസ്ഥാപനം നടത്തി, പണികൾ ആരംഭിച്ചു. പൂർത്തിയായപ്പോൾ 1995 മേയ് 9-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിക്കുകയും ചെയ്തു. 1998 ജനുവരി 21-ാം തിയ്യതി സ്ഥിരമായി വികാരിയെ അനുവദിച്ചുകിട്ടി. റവ. ഫാ. ഡേവിസ് മാളിയേക്കൽ ആദ്യ വികാരിയായി ചാർജ്ജെടുത്തു.

2004 ആഗസ്റ്റ് 28 തിരുവോണനാളിൽ വൈദിക മന്ദിരത്തിൽവച്ച് അതിദാരുണമായ രീതിയിൽ വധിക്കപ്പെട്ട വികാരി ബഹു. ചിറ്റിലപ്പിള്ളി ജോബച്ചന്റെ വേർപാട് ഇടവകമക്കളുടെ മനസ്സിലും, ഇടവകയുടെ ചരിത്രത്തിലും തീരാദുഃഖമായി എന്നും നിലകൊള്ളുന്നു.



വൈദിക മന്ദിരം

## സിമിത്തേരിയിൽ കപ്പേള

ബഹു. ജോബച്ചന്റെ മരണശേഷം അദ്ദേഹത്തിന്റെ സ്മരണയ്ക്കുവേണ്ടി സിമിത്തേരിയിൽ പണികഴിപ്പിച്ച കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം 29.11.2004-ൽ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിക്കുകയുണ്ടായി.

2008 ജനുവരിയിൽ വികാരി റവ. ഡോ. ആന്റോ ചുങ്കത്തിന്റെ നേതൃത്വത്തിൽ പതിയാപറമ്പിൽ



വടക്കേ കപ്പേള



സെന്റ് സെബാസ്റ്റ്യൻ പടിഞ്ഞാറേ കപ്പേള

കുഞ്ഞിപ്പാലി ഇഗ്നേഷ്യസിന്റെ കൈവശം ഉണ്ടായിരുന്ന 19.63 സെന്റ് സ്ഥലം 2007 സെപ്തംബർ 7-ാം തിയ്യതി 4477/07 നമ്പർ ആധാരം പ്രകാരവും കണ്ണൂക്കാടൻ കൊച്ചുവറീത് മകൻ ജോസിന്റെ സ്ഥലം 2008 ജനുവരി 29-ാം തിയ്യതി 658/88 നമ്പർ ആധാരപ്രകാരവും യഥാക്രമം വാങ്ങി. കല്ലേറ്റുംകര സബ് റിസ്ട്രാഫീസിൽവച്ച് റജിസ്റ്റർ ചെയ്തു.



സെന്റ് സെബാസ്റ്റ്യൻ കിഴക്കേ കപ്പേള

## ദേവാലയ പുനർനിർമ്മാണം

പുതിയ ദേവാലയ ത്തിന്റെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ 2008 ഒക്ടോബർ 26-ന് നിർവ്വഹിച്ചു. വികാരി ഫാ. തോമസ് ഡി. മാളിയേക്കലിന്റെ നേതൃത്വത്തിൽ 101 അംഗക്കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. 260 വീടുള്ള ഇടവകയിലെ 5 കുടുംബസമ്മേളന യൂണിറ്റുകളെ 9 ആക്കി പുനർ വിഭജിച്ചു. കുടുംബസമ്മേളനകേന്ദ്രസമിതി രൂപീകരിച്ച് യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു.